(ബി) നിത്യോപയോഗ സാധനങ്ങളെന്ന പേരിൽ കണ്ടെയ്‌ൻമെന്റ് സോണിൽ ഉൾപ്പെടെ ഇ-കൊമേഴ്‌സ് സ്ഥാപനങ്ങൾ ഡെലിവറി നടത്തുന്നത് മറ്റ് ഉൽപ്പന്നങ്ങളാണെന്നിരിക്കെ ഇവരെ സഹായിക്കാൻ ഇത്തരത്തിലുള്ള ഒരു സന്ദേശം നൽകുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ;

&

(സി) ലോക്ക്ഡൗണിൽ സംസ്ഥാനത്തെ ഭൂരിഭാഗം വ്യാപാരസ്ഥാപനങ്ങളും അടച്ചിടേണ്ടി വന്നപ്പോൾ കണ്ടെയ്‌ൻമെന്റ് സോണിൽ ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ എന്ന പേരിൽ മറ്റുൽപ്പന്നങ്ങളുടെ ഡെലിവറി നടത്തുന്നതിനുവേണ്ടി, ഇ-കോമേഴ്‌സ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി പ്രസ്തുത സന്ദേശം ജില്ലാ പോലീസ് മേധാവികൾക്ക് കൈമാറിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഇ-കൊമേഴ്‌സ് ഏജൻസികളെ സഹായിക്കാൻവേണ്ടി എന്നുള്ള നിലയിൽ മെസേജ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലോക്ഡൗൺ കാലയളവിൽ മരുന്നുകൾ/ഓൺലൈൻ ക്ലാസുകളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളടക്കമുള്ള അവശ്യവസ്തുക്കൾ കൊണ്ടുപോകുന്നതിന് വിവിധ ഏജൻസികൾക്ക് അനുമതി നൽകാവുന്നതാണെന്ന് യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്.

**ആഭ്യന്തര വകുപ്പ് മുഖേന അനുമതി ലഭിച്ച പദ്ധതികൾ**

129 (4854) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016-ന് ശേഷം നാളിതുവരെ ആഭ്യന്തര വകുപ്പ് മുഖേന അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് അറുപത് ലക്ഷം രൂപ (60,00,000 രൂപ) അനുവദിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കായംകുളം നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് നിലയതല, ജില്ലാതല, സംസ്ഥാനതല പരിശീലനം നൽകുകയും അവരുടെ സേവനം സ്റ്റേഷൻ പരിധിയിൽ പ്രയോജനപ്പെടുത്തിയും വരുന്നു. വാർഷിക പദ്ധതിയിനത്തിലെയും

LIBRARY ARCHIVES Kerala Legislative Assembly

മറ്റും ഫണ്ടുകൾ ഉപയോഗിച്ച് കായംകുളം നിലയത്തിൽ വാഹനങ്ങളെയും ഉപകരണങ്ങളെയും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കായം കുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 15-6-2019-ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

**സാമൂഹ്യ സേവന നിയമം**

130 (4855) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹചര്യംകൊണ്ട് അതീവ ഗുരുതരമല്ലാത്ത കുറ്റകൃത്യം ചെയ്തവരെ തിരുത്തിയെടുക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളത്; 2021-ൽ നിലവിൽ വന്ന പ്രൊബേഷൻ നയം നടപ്പാക്കാൻ എന്തെല്ലാം കാര്യ പദ്ധതികളാണ് പരിഗണിക്കുന്നത്;

ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണെങ്കിൽ കൂടി കേസിന്റെ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റവാളിയുടെ പ്രകൃതം, കുറ്റവാളിയുടെ പ്രായം, കുടുംബ പശ്ചാത്തലം, പൂർവ്വകാല ചരിത്രം എന്നിവ കണക്കിലെടുത്ത് ചില വ്യവസ്ഥകൾക്ക് വിധേയമായി കുറ്റവാളിയുടെ ജയിൽ ശിക്ഷ മാറ്റിവയ്ക്കുകയും ഒരു പ്രത്യേക കാലയളവ് വരെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്ന പ്രൊബേഷൻ (നല്ല നടപ്പ്) സംവിധാനം സാമൂഹ്യനീതി വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഈ ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾക്ക് ജയിലിലെ കൊടുംകുറ്റവാളികളുമായുള്ള സഹവാസം തടഞ്ഞ്, ജയിൽ പുള്ളി എന്ന പേര് വരാതെ സമൂഹത്തിൽ സാധാരണ ജനങ്ങളെപ്പോലെ സ്വന്തം കുടുംബത്തോടൊപ്പം ജീവിക്കുന്നതിന് സാധിക്കും. ടി കാലയളവിൽ പ്രൊബേഷൻ ഓഫീസർമാർ അവരുടെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും മാനസിക സാമൂഹിക ഇടപെടലുകൾ നടത്തുകയും അവരെ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. കൂടാതെ 18-25 നുമിടയിൽ പ്രായത്തിലുള്ള കുറ്റാരോപിതരിൽ സാമൂഹ്യ മനഃശാസ്ത്ര ഇടപെടലുകൾ നടത്തുന്ന നേർവഴി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2021-ൽ നിലവിൽ വന്ന പ്രൊബേഷൻ നയവുമായി ബന്ധപ്പെട്ട കാര്യ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly